പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1693

14/12/2012-ൽ മറുപടിക്ക്

## കുടുംബശ്രീ, ജനശ്രീ എന്നീ സംരംഭക പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) കുടുംബശ്രീ, ജനശ്രീ എന്നീ സംരംഭക പദ്ധതികളെ സംബന്ധിച്ച് വിശദീകരിക്കാമോ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹ്യ പങ്കാളിത്തത്തോടെ ലഭ്യമായ വിഭവങ്ങളെയും സേവനങ്ങളെയും ആവശ്യാധിഷ്ഠിതമായി സമന്വയിപ്പിച്ചുകൊണ്ടും അയൽക്കൂട്ട സംവിധാനത്തിലൂടെ ഏകോപിപ്പിച്ചുകൊണ്ടും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളുടെ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിലൂടെ, ദാരിദ്ര്യത്തിന്റെ വിവിധ പ്രകടിതരൂപങ്ങളെയും ഭാവങ്ങളെയും ഇല്ലായ്മ ചെയ്തുകൊണ്ടും സംസ്ഥാനത്തെ കേവല ദാരിദ്ര്യം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 1998-ൽ സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് കുടുംബശ്രീ. സൂക്ഷ്മ സമ്പാദ്യം, സാമൂഹ്യ വികസനം, സംഘകൃഷി, സ്ത്രീശാക്തീകരണ സംരംഭങ്ങൾ, വിപണനം, നഗരദാരിദ്ര്യ ലഘൂകരണം എന്നീ മേഖലകളിൽ കുടുംബശ്രീ പ്രവർത്തിച്ചു വരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഉപജീവന വികസന പദ്ധതിയിൽ ഒരു പ്രധാന ഘടകമാണ് സൂക്ഷ്മ സംരംഭങ്ങൾ. 18-നും 50 നും മധ്യേ പ്രായമുള്ള അയൽക്കൂട്ട അംഗങ്ങൾക്കുള്ള വരുമാനദായക പദ്ധതിയാണിത്. വ്യക്തിഗത സംരംഭങ്ങളും ഗ്രൂപ്പ് സംരംഭങ്ങളുമാണ് ഈ പദ്ധതിയിൻ കീഴിൽ ആരംഭിക്കുന്നത്. ഇതു കൂടാതെ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സംരംഭകർക്ക് സബ്സിഡി, റിവോൾവിംഗ് ഫണ്ട്, ഇന്നവേഷൻ ഫണ്ട്, ടെക്നോളജി ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, രണ്ടാം ഘട്ട ധനസഹായം, യൂണിറ്റുകളുടെ ക്ലസ്റ്ററിംഗും നെറ്റ് വർക്കിംഗും, വൈദഗദ്ധ്യ വികസന പരിശീലനങ്ങൾ എന്നീ സഹായങ്ങളും നൽകി വരുന്നു. സംരംഭകർക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യ സഹായവും പിന്തുണാ സഹായങ്ങളും നൽകുന്നതിനായി മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവനവും ലഭ്യമാക്കി വരുന്നു. വ്യക്തിഗത സംരംഭങ്ങളും ഗ്രൂപ്പു സംരംഭങ്ങളും എന്ന നിലയിലാണ് കുടുംബശ്രീ സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നത്. ഐ.റ്റി, ക്യാന്റിൻ, ക്യാറ്ററിംഗ്, അമൃതം, ഖരമാലിന്യ |

സംസ്കരണം, വളർത്തു മൃഗപരിപാലനം എന്നീ മേഖലകൾ കൂടാതെ സേവനമേഖലകളിലുമായി ഇത്തരം സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ജനശ്രീ സംരംഭക പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

| | | | |
|---|---|---|---|
| (ബി) | സർക്കാരിന്റെ പദ്ധതികൾ പ്രസ്തുത ഏജൻസികൾ വഴി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് കുടുംബശ്രീ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഓരോ പദ്ധതികൾക്കും പ്രത്യേകം പ്രത്യേകം മാർഗ്ഗ നിർദ്ദേശങ്ങളാണ് നിലവിലുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് സംസ്ഥാനത്ത് പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (സി) | ഏതൊക്കെ പദ്ധതികളാണ് ജനശ്രീക്ക് നൽകാൻ ഉദ്ദേശിക്കുന്നത് ? | (സി) | വിവരങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ